# കേരളസർവകലാശാല

നം.പി.ആർ.138/2023 തിരുവനന്തപുരം, തീയതി: 10/07/2023

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് ജൂലൈ 11 – ന് പ്രസിദ്ധീകരിക്കും**
**12.07.2023 മുതൽ 15.07.2023 വരെ കോളേജുകളിൽ പ്രവേശനം നേടാം.**

കേരളസർവകലാശാലയുടെ 2023-24 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് ജൂലൈ 11 – ന് പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. മൂന്നാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ഓൺലൈനായി അഡ്മിഷൻ ഫീസ് അടച്ച് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാണ്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക്, മുൻ അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല. ജൂലൈ 15 ന് മുൻപ് പുതിയ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കാത്ത പക്ഷം അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്.

താൽക്കാലിക അഡ്മിഷൻ (Temporary Admission) സൗകര്യം മൂന്നാം ഘട്ട അലോട്ട്മെന്റ് മുതൽ ലഭ്യമല്ല. പുതിയതായി

അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (ടി സി ഉൾപ്പെടെ) കോളേജിൽ സമർപ്പിക്കേണ്ടതാണ്.

നിലവിൽ താൽക്കാലിക (Temporary) അഡ്മിഷൻ എടുത്തവർ മൂന്നാം ഘട്ട അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലെങ്കിൽ പോലും കോളേജിൽ നേരിട്ട് ഹാജരായി നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഇപ്രകാരം താൽക്കാലിക അഡ്മിഷൻ എടുത്തവർക്ക് സ്ഥിര അഡ്മിഷനിലേക്ക് മാറുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. അതിനുള്ളിൽ സ്ഥിര അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ നഷ്ടപ്പെടുന്നതാണ്.

ഒറിജിനൽ മാർക്ക് ലിസ്റ്റ് ലഭിക്കാത്ത വിദ്യാർഥികൾ ഡിജിലോക്കറിൽ നിന്നും ഡൗൺലോഡ് ചെയ്ത മാർക്ക് ലിസ്റ്റോ/ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും മാർക്ക് ലിസ്റ്റ് ഡൗൺലോഡ് ചെയ്തെടുത്ത് വിദ്യാർത്ഥി പഠിച്ച സ്കൂളിലെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയോ അഡ്മിഷൻ സമയത്ത് ഹാജരാക്കിയാൽ മതിയാകും.
(വിശദവിവരങ്ങൾ സർവകലാശാല (http://admissions.keralauniversity.ac.in) വെബ്സൈറ്റിൽ).

## എം.ടെക്. 2023 അഡ്മിഷൻ ഒന്നാം ഘട്ടം ജൂലൈ 11,12 തീയതികളിൽ ആരംഭിക്കുന്നു

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്കുള്ള എം.ടെക്. 2023 അഡ്മിഷൻ ഒന്നാം ഘട്ടം ജൂലൈ 11,12 തീയതികളിൽ നടക്കും. മെമ്മോ വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് **admissions.keralauniversity.ac.in/css2023** വഴി ലോഗിൻ ചെയ്ത് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## പരീക്ഷ മാറ്റിവച്ചു.

കേരളസർവകലാശാല 2023 ജൂലൈ 13 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന പി.ജി. നാലാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.എം.സി.ജെ./എം.എസ്.ഡബ്ല്യൂ./എം. എ.എച്ച്.ആർ.എം. (റെഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ 2023 ജൂലൈ 25 മുതൽ പുനഃക്രമീക രിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്റ്റഡി മെറ്റീരിയൽസ് വിതരണം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠന വിഭാഗം **2021** അഡ്മിഷൻ നാലാം സെമസ്റ്റർ യു.ജി. പ്രോഗ്രാമുകളുടെ സ്റ്റഡി മെറ്റീരിയൽസ് ജൂലൈ **11** മുതൽ **14** വരെയുള്ള തീയതികളിൽ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യാഭ്യാസവിഭാഗം ഓഫീസിൽ നിന്ന് നേരിട്ട് കൈപ്പറ്റാവുന്നതാണ്. നേരിട്ട് കൈപ്പറ്റാൻ കഴിയാത്തവർക്ക് ജൂലൈ **14** ന് ശേഷം തപാലിൽ അയക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് **www.ideku.net** സന്ദർശിക്കുക.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം (സി.എ.സി.ഇ.ഇ.) സംഘടിപ്പിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. സർവകലാശാല പ്രവൃത്തി ദിനങ്ങളിൽ രാവിലെ **10** മുതൽ **1** മണി വരെയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. കോഴ്സ് ഫീസ്: **9,000** രൂപ, പ്രീ ഡിഗ്രി/പ്ലസ്സ് ടു പാസ്സായവർക്ക് അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി പി.എം.ജി. സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലുള്ള സി.എ.സി.ഇ.ഇ. ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ: **0471 2302523.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)


**E-mail:**For queries **helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**


**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**